# INTERNATIONAL INDIAN SCHOOL DAMMAM

MODEL EXAMINATION-2018 - MALAYALAM CLASS – IX

Time : 3Hrs. Total Marks :80

എ–വിഭാഗം

1. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഒരു കവിയുടെ ഭാഷ അദ്ദേഹത്തിൻെറ സ്വഭാവത്തെ ചിത്രീകരിക്കുന്നു എന്നാണു പറയുന്നത്. എഴുത്തച്ഛൻെറയും കുഞ്ചൻ നമ്പ്യാരുടെയും രീതികളിൽ ഇത് തെളിഞ്ഞു കാണാം. എഴുത്തച്ഛൻെറ ഭാഷ പ്രൗഢഗംഭീരവും പ്രസന്നമധുരവുമാണ്. എന്നാൽ നമ്പ്യാരുടെത് ലളിതമനോഹരവും ആപാദസുഭഗവുമാണ്. എഴുത്തച്ഛൻ തമിഴിൻെറ പിടുത്തത്തിൽ നിന്നുമലയാളഭാഷയെ വിടർത്തിയെങ്കിലും സംസ്കൃതത്തിൻെറ സ്വാധീനത്തിൽ നിന്നും അതിനെ മാറ്റാനായില്ല. എന്നാൽ നമ്പ്യാർ അതിനെ എല്ലാ വിധ അടിമത്തത്തിൽ നിന്നും വിടർത്തി സർവ്വവിധസ്വതന്ത്രയാക്കിത്തീർത്തു. ഇങ്ങനെയൊക്കെയാണെങ്കിലും നിരങ്കുശത്തം നമ്പ്യാരുടെ ഭാഷയിൽ പലയിടത്തും കാണാം. ശൈലീപരിഷ്കൃതവും പ്രയോഗക്ഷമവുമായ നമ്പ്യാരുടെ കവിതാരീതി മലയാളത്തിലെ മറ്റൊരു കവിയ്ക്കും സ്വാധീനമായിട്ടില്ല. ഭാഷകൊണ്ട് അദ്ദേഹം കാണിക്കുന്ന മായാവിദ്യ അത്രയ്ക്കും വശ്യതയാർന്നതാണ്.

1. കവിയുടെ ഭാഷ എന്തിനെയാണു ചിത്രീകരിക്കുന്നത്? 2
2. എഴുത്തച്ഛൻെറയും നമ്പ്യാരുടെയും ഭാഷയ്ക്കുള്ള പ്രത്യേകതകൾ എന്ത്? 2
3. എഴുത്തച്ഛനിൽ നിന്നു വ്യത്യസ്തമായി നമ്പ്യാർ ഭാഷയ്ക്കു ചെയ്ത സേവനമെന്ത്? 2
4. മറ്റൊരു കവിയ്ക്കും സ്വാധീനമായിട്ടില്ലാത്ത പ്രത്യേക രീതി നമ്പ്യാരുടെ ഭാഷയിൽ കാണുന്നു. അതെന്താണ്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക: 2

ബി–വിഭാഗം

2.(a) കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തു പ്രസിഡൻറിനു ഒരു കത്ത് തയ്യാറാക്കുക 8

.(b) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക 8

1. കായികവിനോദം
2. വനനശീകരണം
3. ഗ്രന്ഥപാരായണം

സി–വിഭാഗം

3 (a) പ്രയോഗം മാറ്റുക 2

1.അയാൾ എഴുന്നേറ്റ് തൻെറ ചെറിയ തോൽപ്പെട്ടി തിണ്ണമേൽ വച്ചു.

2.പഞ്ചമന്മാർ വൈലൊപ്പിള്ളിയാൽ പാടിപ്പുകഴ്ത്തപ്പെട്ടിട്ടുണ്ട്.

(b) മഹാവാക്യമാക്കുക 2

1.ശങ്കരങ്കുട്ടി പ്രസന്നവദനനായി ചൂളമടിച്ചു.ഡ്രൈവർ താളത്തിൽ ഹോണടിച്ചു.

2.പല സായാഹ്നങ്ങളിലും അവർ ഒരുമിച്ചു നദിയോരത്തിരുന്നു.അവർ അധികം സംസാരിച്ചിരുന്നില്ല

(c) തെറ്റുതിരുത്തിയെഴുതുക 2

1. അമ്മയും മകനും ജീവൻ രക്ഷിക്കാൻ വേണ്ടി പ്രാണരക്ഷാർഥം ഓടി ഇന്ത്യയിലെത്തി

2. പേടിയോടെ ശങ്കരൻ കുട്ടി സംഭ്രമത്തിൽ വിളിച്ചു പറഞ്ഞു.

(d)പിരിച്ചെഴുതി സന്ധി നിർണയിക്കുക 2

1.അമ്മയോട്

2.ഇക്കുറി

(e)വിഗ്രഹിച്ചു സമാസം എഴുതുക 2

1.സാകൂതം

2.ഗുരുകുലം

(f) രണ്ടു പര്യായപദങ്ങൾ വീതം എഴുതുക 2

1. കള്ളൻ

2. മഞ്ഞ്

(g) നാനാർഥപദങ്ങളെഴുതുക 2

1.പണി 2.വിധി

4.ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക

(a) അർഥവ്യത്യാസമെഴുതുക 1

1.പ്രഹരം-പ്രകാരം(വീട്,അനുസരിച്ച്,അടി,ആകൃതി)

(b) വിപരീതപദമെഴുതുക 1

1.നശ്വരത(നിത്യത,അനശ്വരത,വിനാശം,അനിത്യം)

2.സൗമ്യം(അസൗമ്യം,നിസ്സാമ്യം,ഉദ്ധത,വിസാമ്യം)

(c) എതിർലിംഗം എഴുതുക 1

1.കിടാവ്(കുട്ടി,കിടാത്തി,കിടാവത്തി.കൊച്ച്)

2.ബാലൻ(ബാലകി,ബാലത്തി,ബാലിക,ബാലിണി)

5.(i)ബ്രായ്ക്കറ്റിൽ നിന്നു ശരിയായ ഉത്തരം എടുത്തെഴുതുക 21/2

1. സിദ്ധാർഥ എന്ന നോവൽ എഴുതിയതാര്?

(ഹെർമ്മൻ ഗുണ്ടർട്ട്,തകഴി,ഹെർമ്മൻ ഹസ്സെ,ഒ.വി.വിജയൻ)

2,താഴെ തന്നിരിക്കുന്നവയിൽ മാധവിക്കുട്ടിയുടേതല്ലാത്ത കഥയേത്?

(നെയ്പ്പായസം,കീറിപ്പൊളിഞ്ഞ ചകലാസ്,നീർമാതളം പൂത്തപ്പോൾ,കളിപ്പാവകൾ)

3.കൊടിയേറ്റം എന്ന പാഠഭാഗം ഏതുസാഹിത്യവിഭാഗത്തിൽ പെടുന്നു?

(നോവൽ,നാടകം,തിരക്കഥ,കവിത)

4.രണ്ടു ടക്സിക്കാർ എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(എൻെറ കഥ,മരണമെന്ന വാതിലിനപ്പുറം,വർണങ്ങളുടെ സംഗീതം,കണ്ണീർപ്പാടം)

5.കവിതയുടെ മൃത്യുഞ്ജയം എന്ന പാഠഭാഗത്തിൻെറ ലേഖകൻ ആര്?

(സുകുമാർ അഴീക്കോട്,എം.എൻ.വിജയൻ,എം.പി.പോൾ,എം.കൃഷ്ണൻ നായർ)

5(ii) 21/2

1.നാലിതൾപ്പൂവ് എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(പൂതപ്പാട്ട്,കാവിലെ പാട്ട്,വാഴ്ക്കുല,കന്നിക്കൊയ്ത്ത്)

2.ധനുമാസരാവിൽ എന്ത് വരുമെന്നാണു കവി പറയുന്നത്?

(തിരുവോണം,തിരുവാതിര,വിഷു,ദീപാവലി)

3.ഓർക്കുക വല്ലപ്പോഴും എന്ന കവിത എഴുതിയതാര്?

(കുമാരനാശാൻ,പി.ഭാസ്കരൻ,വള്ളത്തോൾ,ഉള്ളൂർ)

4.കൃഷ്ണഗാഥ ഏതു പുരാണഗ്രന്ഥത്തെ അവലംബമാക്കിയാണു രചിച്ചിട്ടുള്ളത്?

(മഹാഭാരതം,ഭാഗവതം,രാമായണം,ഭഗവത്ഗീത)

5.ആധുനികമഹാകവിത്രയത്തിൽ പെട്ട കവിയാര്?

(എഴുത്തച്ഛൻ,ചെറുശ്ശേരി,ഉള്ളൂർ എസ്.പരമേശ്വരയ്യർ,കുഞ്ചൻ നമ്പ്യാർ)

6. ഉത്തരമെഴുതുക 6x4=24

1.ശങ്കരൻ കുട്ടിക്ക് കുഞ്ഞുങ്ങളോടുള്ള സമീപനം വിശദമാക്കുക:

2.വൈലോപ്പിള്ളിയുടെ 'മാമ്പഴം 'എന്ന കവിതയുടെ പ്രത്യേകത എന്ത്?

3. കടത്തുകാരൻെറകൂടെ താമസിച്ച് സിദ്ധാർഥൻ എന്തെല്ലാമാണു പഠിച്ചത്?

4.കളവണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണം എന്ത്?

5.'അതായിരിക്കാം പൊരുളാപ്രവൃത്തി

ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്വോൻ'- മർത്ത്യൻെറ ഹിതം അറിഞ്ഞു ദൈവം ചെയ്തതെന്ത്?

6.ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനും പ്രകൃതിക്കും ഉണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാമായിരുന്നു?വിവരിക്കുക

7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 2x4=8

1.'ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങെന്നെ സത്യത്തിലേക്കു നയിച്ചു'- ആൾവാറിലെ രാജാവ് പറഞ്ഞ സംഭവം എന്തായിരുന്നു?

2. മാതൃരാജ്യത്തിൻെറ നരകയാതന മാറ്റാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെ കുറിച്ച് വിവരിക്കുക.

3. തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ?

• • • • •